## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3683.

20.10.2016 -ൽ
മറുപടിയ്ക്ക്

## റിസർച്ച് ഡിഗ്രിയുള്ള കോളേജ് അദ്ധ്യാപകർക്ക് അധിക ആനുകൂല്യം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റിസർച്ച് ഡിഗ്രിയുള്ള കോളേജ് അദ്ധ്യാപകർക്ക് എന്തെങ്കിലും അധിക ആനുകൂല്യം നല്കിവരുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കമോ; | (എ) | യു.ജി.സി സ്കീം നടപ്പിലാക്കിയിട്ടുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക്, പി.എച്ച്.ഡിയോടുകൂടിയാണ് സർവ്വീസിൽ പ്രവേശിക്കുന്നത് എങ്കിൽ അഞ്ച് മുൻകൂർ ഇൻക്രിമെന്റിനും, സർവ്വീസിൽ പ്രവേശിച്ചതിന് ശേഷം പി.എച്ച്.ഡി കരസ്ഥമാക്കിയാൽ മൂന്ന് മുൻകൂർ ഇൻക്രിമെന്റിനും നിലവിൽ അർഹരാണ്. കൂടാതെ പി.എച്ച്.ഡി ഡിഗ്രിയുള്ള അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ആദ്യത്തെ സ്ഥാന കയറ്റത്തിന് 2 വർഷത്തെ ഇളവിനും, എം.ഫിൽ കരസ്ഥമാക്കിയിട്ടുള്ളവർക്ക് 1 വർഷത്തെ ഇളവിനും അർഹതയുണ്ട്. |
| (ബി) | റിസർച്ച് ഡിഗ്രിയുള്ള ഹൈസ്കൂൾ, ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ഹയർ ക്വാളിഫിക്കേഷനെന്ന നിലയിൽ ആനുകൂല്യമെന്തെങ്കിലും ഇപ്പോൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ? | ബി) | റിസർച്ച് ഡിഗ്രിയുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് അധിക ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ബന്ധപ്പെട്ട വിഷയത്തിൽ റിസർച്ച് ഡിഗ്രി ഉള്ളപക്ഷം 500/- രൂപ സ്പെഷ്യൽ അലവൻസ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ